# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 164 30.11.2015 ൽ മറുപടി നൽകേണ്ടിയിരുന്നത്

**<u>ധനകാര്യ വകുപ്പ് മന്ത്രിയുടെ രാജി</u>**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. എളമരം കരീം<br>ശ്രീ. പി.കെ.ഗുരുദാസൻ<br>ശ്രീ. കെ.വി.അബ്ദുൾ ഖാദർ<br>ശ്രീ. കെ.കുഞ്ഞിരാമൻ (ഉദുമ) | | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുൻ മുഖ്യമന്ത്രി) |
| (എ) | ഏതെല്ലാം സാഹചര്യങ്ങളിലാണ് വകുപ്പ് മന്ത്രിയുടേയോ മന്ത്രിപദവിയിലുള്ള ചീഫ് വിപ്പിന്റെയോ രാജിക്കത്ത് മുഖ്യമന്ത്രി സ്വീകരിക്കുക; ഭരണഘടനാ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ വിശദമാക്കാമോ; | (എ) | മന്ത്രിമാരുടെ രാജി സ്വീകരിക്കുന്നത് ഗവർണറാണ്. ചീഫ് വിപ്പിന്റെ രാജി സ്വീകരിക്കേണ്ടത് മുഖ്യമന്ത്രിയാണ്. |
| (ബി) | ധനകാര്യമന്ത്രി കെ.എം. മാണിയും സർക്കാർ ചീഫ് വിപ്പ് തോമസ് ഉണ്ണിയാടനും തൽസ്ഥാനങ്ങൾ രാജിവച്ചുകൊണ്ട് മുഖ്യമന്ത്രിക്ക് കത്ത് നൽകിയത് ഏത് തീയതിയിൽ ഏത് സമയത്തായിരുന്നു; രണ്ടു കത്തുകളിന്മേലും മുഖ്യമന്ത്രി ഉടൻ തീരുമാനം എടുക്കുകയുണ്ടായോ; ഓരോ കത്തിലും എടുത്ത തീരുമാനങ്ങൾ വിശദമാക്കാമോ; | (ബി)<br>+<br>(സി)<br>+<br>(ഡി)<br>+<br>(ഇ)<br>+<br>(എഫ്) | ധനകാര്യമന്ത്രി സ്ഥാനത്തു നിന്നും രാജി വച്ചത് 10/11/2015 ലായിരുന്നു. ചീഫ് വിപ്പ് ശ്രീ. തോമസ് ഉണ്ണിയാടന്റെ രാജിക്കത്ത് അംഗീകരിച്ചില്ല. |
| (സി) | ധനകാര്യ വകുപ്പ് മന്ത്രിയുടെ രാജി കാര്യത്തിൽ ഉടൻ തീരുമാനം എടുത്തത് എന്തെല്ലാം കാരണങ്ങൾ കൊണ്ടായിരുന്നു; സർക്കാർ ചീഫ് വിപ്പിന്റെ രാജി കത്തിൽ ഉടൻ തീരുമാനം എടുക്കാതിരുന്നതിന്റെ കാരണം എന്തായിരുന്നു; | | |
| (ഡി) | ധനകാര്യ-നിയമവകുപ്പ് മന്ത്രി എന്ന ഔദ്യോഗിക പദവി ദുരുപയോഗം ചെയ്തുകൊണ്ട് മന്ത്രി. കെ. എം. മാണി പ്രവർത്തിച്ചു എന്ന പൂർണ്ണ ബോധ്യം മുഖ്യമന്ത്രിക്ക് ഉണ്ടായിരുന്നുവോ; വിജിലൻസ് കോടതിയുടെയും ഹൈക്കോടതിയുടെയും ഇക്കാര്യത്തിലുള്ള വിധി പ്രസ്താവം മുഖ്യമന്ത്രി കണക്കിലെടുക്കുകയുണ്ടായോ; | | |
| (ഇ) | ധനകാര്യമന്ത്രി ശ്രീ. കെ. എം. മാണിയുടെ രാജി മുഖ്യമന്ത്രി ആവശ്യപ്പെട്ടതിനെ തുടർന്നായിരുന്നുവോ; ഈ പ്രശ്നത്തിൽ യു.ഡി.എഫ് എടുത്ത രാഷ്ട്രീയ തീരുമാനം മുഖ്യമന്ത്രി പരിഗണിക്കുകയുണ്ടായോ; | | |
| (എഫ്) | കോടതികൾ തുടർ അന്വേഷണം പ്രഖ്യാപിച്ചിരിക്കെ രാജിവച്ചതിനുശേഷം ശ്രീ. കെ. എം. മാണിയിൽ പൂർണ്ണ വിശ്വാസം രേഖപ്പെടുത്തിക്കൊണ്ട് മുഖ്യമന്ത്രി നടത്തിയ അനുകൂലമായ പരസ്യ പ്രസ്താവനകൾ സ്വതന്ത്രമായ വിജിലൻസ് അന്വേഷണത്തെ പ്രതികൂലമായി ബാധിക്കും എന്ന കാര്യം അറിയാമോ? | | |

**സെക്ഷൻ ഓഫീസർ**